**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **10-06-2024 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | **ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിനായി അനുയോജ്യമായ മറ്റൊരു സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം ഉൾപ്പെടുന്ന ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറാൻ ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണ്. നിലവിൽ ഇവിടെ പ്രവർത്തിച്ചു വരുന്ന കൃഷിഭവനും വെറ്ററിനറി ഡിസ്പെൻസറിയും മറ്റൊരിടത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിനായി ആഭ്യന്തര വകുപ്പിനു കൈമാറുന്ന നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം ഉൾപ്പെടുന്ന ഭൂമി ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം പണിയുന്നതിനായി വിട്ടുനൽകുന്നതിനുള്ള ഉത്തരവായിട്ടില്ല.** |
| (ബി) | വിട്ടുകിട്ടിയ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ